(എ) വാറ്റ് നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയപ്പോൾ വില്പന നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വില്പന നികുതിയിനത്തിൽ 1-4-2005 വരെ എന്ത് തുകയാണ് കുടിശ്ശികയുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഇനത്തിൽ 2006 ജനുവരി 15 വരെ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്:

(1) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വില്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

(2) വില്പന നികുതി കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽ നിന്ന് നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കി കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണർ (ലോ) യുടെ കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിച്ചിട്ടുണ്ട്.

(ബി) 2777.23 കോടി രൂപ.

(സി) വിവരം ശേഖരിച്ചുവരുന്നു.

ട്രഷറി നിയന്ത്രണം

6 [463] ഡോ. തോമസ് ഐസക് :
ശ്രീ. എം. വി. ജയരാജൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക നിലയെ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം ട്രഷറികളിൽ നിന്നുള്ള പേമെന്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ട്രഷറികളിൽ നിന്നുള്ള പേമെന്റുകൾക്ക് നിയന്ത്രണമില്ലാത്ത ദിനങ്ങൾ എത്രയായിരുന്നു ; അവ ഏതെല്ലാം മാസങ്ങളിൽ എത്ര ദിനം വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ദൈനംദിന ചെലവുകൾക്കായി 2004-2005, 2005-2006 വർഷങ്ങളിൽ എത്ര ദിവസം റിസർവ് ബാങ്കിനെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ട് ; എത്ര ദിവസം കേരളം ഓവർ ഡ്രാഫ്റ്റിലായിരുന്നു ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല.

(ബി) റിസർവ് ബാങ്ക് നൽകിയ കണക്ക് അനുസരിച്ച് ഫെബ്രുവരി 2-ാം തീയതി സർക്കാരിന് 423.99 കോടി രൂപയുടെ ട്രഷറി ബിൽ ഹോൾഡിംഗ് ഉണ്ട്.

(സി) ട്രഷറി പേമെന്റുകൾക്ക് നിയന്ത്രണമൊന്നും ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല.

(ഡി) ട്രഷറി പേമെന്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ല. ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ചില ക്രമീകരണങ്ങളോടെ എല്ലാ ദിവസവും ട്രഷറി പേമെന്റുകൾ അനുവദിച്ചിരുന്നു.

(ഇ) 2004-2005-ൽ 338 ദിവസവും 2005-06-ൽ (2006 ജനുവരി 31-ാം തീയതി വരെ) 195 ദിവസവും റിസർവ് ബാങ്കിനെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. 2004-2005-ൽ 124 ദിവസവും 2005-06-ൽ (2006 ജനുവരി 31-ാം തീയതി വരെ) 47 ദവസവും ഓവർ ഡ്രാഫ്റ്റിലായിരുന്നു.

സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത

7 [464] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിനകത്തുനിന്നും രാജ്യത്തെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക കടമെടുത്തിട്ടുണ്ട് ;

(ബി) കടം എടുത്ത വകയിൽ പ്രതിവർഷം എത്ര തുക പലിശ ഇനത്തിൽ നൽകേണ്ടിവരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) എ.ഡി.ബി. ധനസഹായം എന്നാണ് സംസ്ഥാനത്തിന് ലഭിച്ചത് ;

(ഡി) എ.ഡി.ബി.-യിൽ നിന്നും എത്ര തുക ഇതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ഈ തുക ഏതെല്ലാം വിഭാഗങ്ങളിൽ ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly